3
ആഗസ്റ്റ് 2023
വ്യാഴം
Pages- 5
Vol. 2 Issue 181

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
550

## മതപരിവർത്തനം കേസെടുക്കാൻ രേഖാമൂലമുള്ള പരാതി വേണം: മധ്യപ്രദേശ് ഹൈക്കോടതി




മധ്യപ്രദേശ് മതസ്വാതന്ത്ര്യനിയമം 2021ന്റെ സെക്ഷൻ മൂന്ന് പ്രകാരം നിർബന്ധിത മതപരിവർത്തനത്തിന് ഇരയായതോ മതം മാറാൻ ശ്രമം ഉണ്ടായതോ ആയ വ്യക്തിയോ അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളോ രേഖാമൂലം നൽകുന്ന പരാതിയിൽ മാത്രമേ പോലീസ് കേസ് രജിസ്റ്റർ ചെയ്യാനും അന്വേഷണവും തെളിവെടുപ്പും നടത്താനും കഴിയൂ...

പേജ് 4 കാണുക



## ഹരിയാനയിൽ സംഘർഷ മേഖലയിൽ ഇന്റർനെറ്റ് നിയന്ത്രണം തുടരുന്നു; 166 പേർ അറസ്റ്റിൽ

എഡിറ്റോറിയൽ
**ക്രിസ്ത്യൻ ലൈവ്**
2023 ആഗസ്റ്റ് 3 വ്യാഴം



# ഇന്ത്യ കണ്ട മണിപ്പൂരും കേരളത്തിന്റെ മാപ്പും

**സർക്കാർ സംവിധാനങ്ങൾക്കും നിലപാടുകൾക്കും എതിരെ സമരങ്ങൾ പ്രഖ്യാപിക്കുമ്പോൾ അത് വിശ്വാസത്തിന്റെ പേരിൽ വൈകാരികമായ മുതലെടുപ്പുകൾ ആയി മാറുമ്പോഴാണ് പൊതുജനങ്ങൾ പോലും എതിരായി നിൽക്കുന്നത്...**

ഇന്ത്യ മണിപ്പൂര് കണ്ടു. പ്രതിപക്ഷ കൂട്ടായ്മയിൽ പിറന്ന ഇന്ത്യയെന്ന പ്രതിപക്ഷ പ്രതിരോധ മുന്നണി 21 എം പി മാരെ മണിപ്പൂരിലേക്ക് അയച്ചു അവിടുത്തെ സ്ഥിതിഗതികൾ വിലയിരുത്തി. അവിടെ കണ്ടതും കേട്ടതും തിരിച്ചറിഞ്ഞതുമായ യാഥാർത്ഥ്യം സഭയിൽ വെളിപ്പെടുത്താനുള്ള അവകാശത്തിനായി നോട്ടീസ് നൽകിയിട്ടും അനുവദിക്കാത്ത പശ്ചാത്തലത്തെ തുടർന്ന് ഈ എംപി മാർ ഒപ്പിട്ട നിവേദനം അവർ രാഷ്ട്രപതിക്ക് കൈമാറി. ലോകം കണ്ടതും അറിഞ്ഞതിനുമപ്പുറമായി മണിപ്പൂരിലെ സംഭവങ്ങളുടെ യഥാർത്ഥ മുഖം കുക്കി മെയ് തെയ് വിഭാഗങ്ങളെ പ്രത്യേകം പ്രത്യേകമായി കണ്ടു മനസ്സിലാക്കിയ ഇന്ത്യ എന്ന പ്രതിപക്ഷ നിര സത്വര നടപടികൾ വേഗത്തിൽ ആക്കണമെന്ന് അഭ്യർത്ഥിച്ച് രാഷ്ട്രപതിയെ കാണുമ്പോൾ കൂടുതൽ പ്രക്ഷോഭ പരിപാടികളുമായി മുൻപോട്ട് പോകുവാൻ ഇന്ത്യ മുന്നണി തയ്യാറെടുക്കുന്നു. അവിശ്വാസ പ്രമേയവും അനന്തരമായുള്ള പ്രധാനമന്ത്രിയുടെ നിലപാട് അറിയിക്കലും ശേഷം കടുത്ത പ്രതിഷേധ നടപടികളിലേക്ക് കടക്കുകയാണ് ഇന്ത്യ.

ഇതിനിടയിൽ മണിപ്പൂർ കലാപത്തിൽ കൊല്ലപ്പെട്ട 35 പരം കുക്കി വിഭാഗക്കാരുടെ മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ നിലവിൽ ഇരിക്കുന്നു. നിയമ തകർച്ചയും സമാധാന പാലനത്തിലെ പരാജയവും കേസുകൾ എടുക്കുന്നതിലും സംഘർഷം അമർച്ച ചെയ്യുന്നതിലും വിമുഖത കാട്ടിയ പോലീസിനെയും നിഷ്ക്രിയരായ സർക്കാർ സംവിധാനങ്ങളെയും ഭരണ തലവന്മാരെയും വിമർശിച്ച സുപ്രീം കോടതി നിരന്തരം മണിപ്പൂർ സർക്കാരിനെതിരെ ആഞ്ഞടിക്കുന്നു. ക്രമസമാധാനം തകർന്നു താറുമാറായ ഈ സംസ്ഥാനത്ത് ഇനിയും സമാധാനന്തരീക്ഷം സൃഷ്ടിക്കുവാനോ ജനജീവിതം സാധാരണ ഗതിയിലാക്കുവാനോ സർക്കാറിന് കഴിയാതിരിക്കുന്നു. കഴിഞ്ഞ മെയ് മൂന്നിന് ആരംഭിച്ച കലാപം അപരിഹൃതമായി മുന്നേറുന്ന കാഴ്ച ഏറെ വേദനാജനകരം തന്നെ. മണിപ്പൂർ ജനതയുടെ ചോരയ്ക്കായി ദാഹിക്കുന്ന ശക്തികളുടെ മനുഷ്യത്വ രഹിതമായ മുഖം അനാവരണം ചെയ്ത സുപ്രീംകോടതിയുടെ പ്രസ്താവനകളിലൂടെ ഭാരതീയ ജനത വായിച്ചെടുത്ത് എന്തിനീ നിസംഗത എന്ന് പല ആവർത്തി ഇതിനോടകം ചോദിച്ചു കഴിഞ്ഞു. സിബിഐ കേസുകൾ ഏറ്റെടുത്തു എന്ന് സർക്കാർ സാക്ഷ്യപ്പെടുത്തുമ്പോൾ ബാക്കിയുള്ള 5000ത്തോളം കേസുകളെ കുറിച്ച് കൂടി പറയൂ എന്ന് പരമോന്നത കോടതിയും സർക്കാരിനെ ഓർമിപ്പിക്കുന്നു. മണിപ്പൂരിലെ കൂട്ടക്കൊലയിൽ മൗനം പാലിക്കുന്ന പ്രധാനമന്ത്രി പ്രതിപക്ഷ നിരായായ ഇന്ത്യ എട്ടാം തീയതി കൊണ്ടുവരുന്ന അവിശ്വാസ പ്രമേയത്തിന്മേൽ പത്താം തീയതി മറുപടി പറയുന്നത് കേൾക്കാൻ ഭാരതം കാതോർക്കുകയാണ്. ഇനിയെങ്കിലും നിസ്സംഗത വെടിയുകയും സംസ്ഥാന ഭരിക്കുന്ന സർക്കാരും പോലീസും ഉണർന്ന് പ്രവർത്തിക്കുകയും ചെയ്തില്ല എങ്കിൽ മനുഷ്യക്കുരുതിയുടെ എണ്ണം കൂടുകയും സ്വത്വം നഷ്ടപ്പെട്ടുപോയ ജനതയുടെ കണ്ണീർക്കൊണ്ട് ഭാരതം കൂടുതൽ കളങ്കപ്പെടുകയും ചെയ്യും. ഏറെ വേഗത്തിൽ ഇതിനു ഒരു പരിഹാരം ഉണ്ടാകും എന്ന് നമുക്ക് പ്രത്യാശിക്കാം.

ഭാരതത്തിന്റെ മറ്റ് ഇതര സംസ്ഥാനങ്ങളിൽ വിശ്വാസവും ആചാരവും വംശീയതയും പരസ്പരം കലഹിക്കുവാനും പോർവിളിക്കാനും മനുഷ്യക്കുരുതിക്കും സമാധാന ധ്വംസനത്തിനും കാരണമാകുമ്പോൾ അതിന്റെ പിന്നിലെ ഗൂഢമായ രാഷ്ട്രീയ ലക്ഷ്യങ്ങൾ ജനം തിരിച്ചറിയണം. ബഹുസ്വരതയാണ് ഭാരതത്തിന്റെ മുഖമുദ്ര എങ്കിലും ഭരണഘടന നൽകുന്ന സ്വാതന്ത്ര്യമോ അവകാശങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ അനുഭവിക്കാൻ കഴിയാത്ത അന്തരീക്ഷമാണ് നിലവിൽ ഭാരതം നേരിടുന്ന ഏറ്റവും വലിയ ആന്തരിക പ്രശ്നം. സമാധാന പരിപാലനത്തിനും മതമൈത്രിക്കും പുകൾ പെറ്റ കേരളത്തിന്റെ മണ്ണിൽ ഒരു നാവ് പിഴയുടെ പേരിൽ പുതിയ പോരാട്ടത്തിന് അങ്കം കുറിക്കുകയാണ് ഇവിടുത്തെ മത സംഘടനകൾ. തങ്ങളുടെ വിശ്വാസം ഹനിക്കപ്പെട്ടു എന്നും അതിനാൽ നാവു പിഴ സംഭവിച്ച നിയമസഭാ അധ്യക്ഷൻ മാപ്പ് പറയണം എന്നും നാലു കോണിൽ നിന്നും മതസംഘടനകൾ ആവശ്യപ്പെടുമ്പോൾ അത് നിഷേധിക്കുന്ന ഭരണപക്ഷ പാർട്ടിയും അതിന്റെ ചുമതലക്കാരനും നാവുപിഴ വരുത്തിയ വ്യക്തിയും പുതിയ സമരമുറകൾ കേരളത്തിന്റെ മണ്ണിൽ കാണാനുള്ള വഴി മരുന്നിടുകയാണ്. വിശ്വാസവും ആരാധനയും അധികരിച്ച് കേരളത്തിലെ മണ്ണിൽ മുമ്പും ഉണ്ടായിട്ടുള്ള പ്രതിഷേധ സ്വരങ്ങൾ അത് കേവലം വിശ്വാസ സംരക്ഷണത്തിനപ്പുറമായി രാഷ്ട്രീയ ആയുധമാക്കിയുള്ള

സമരസന്നാഹങ്ങൾ ആയിരുന്നു അന്ന് പകൽ പോലെ വ്യക്തമായത് കേരളം തിരിച്ചറിഞ്ഞതാണ്. മതസൗഹാർദ്ദത്തിനും മതമൈത്രിക്കും കോട്ടം തട്ടുന്ന ഇത്തരം സമരമുറകൾ ഫലം കാണാതെ പോയതും പഴയ ചരിത്രം തന്നെ. സർക്കാർ സംവിധാനങ്ങൾക്കും നിലപാടുകൾക്കും എതിരെ സമരങ്ങൾ പ്രഖ്യാപിക്കുമ്പോൾ അത് വിശ്വാസത്തിന്റെ പേരിൽ വൈകാരികമായ മുതലെടുപ്പുകൾ ആയി മാറുമ്പോഴാണ് പൊതുജനങ്ങൾ പോലും എതിരായി നിൽക്കുന്നത്. മൂല്യങ്ങൾക്കും വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും രാഷ്ട്രീയ നിലപാടുകൾക്കും ഏറെ സുതാര്യതയുള്ള കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് പാളി പോയ പഴയ തന്ത്രങ്ങൾ വീണ്ടും പൊടിതട്ടിഎടുക്കുമ്പോൾ അതിന്റെ ഔചിത്യം നാം തിരിച്ചറിയണം.

ഭാരതത്തിൽ നിലനിന്നിരുന്ന ബഹുസ്വരതയുടെ സമുന്വയവും ഐക്യവും സൗഹാർദ്ദവമെല്ലാം രാഷ്ട്രീയ സാമുദായ സമവാക്യങ്ങളുടെ വീതംവെപ്പിലും വിലപേശലിലും വിളവെടുപ്പിലുമെല്ലാം നഷ്ടപ്പെട്ടുപോയി എന്ന് നാം പരിതപിക്കാതെ അത് വീണ്ടെടുക്കാനുള്ള ആർജ്ജവം ഭരിക്കുന്ന സർക്കാരിനും ഒപ്പം പൊതുജനങ്ങൾക്കും ഉണ്ടെന്നുള്ള കാര്യം മറന്നുപോകരുത്. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും എന്തിന്റെയും പേരിൽ കളങ്കപ്പെടുത്തുത് ഭൂഷണമല്ലായെന്നു നാം തിരിച്ചറിയണം. ഈ തിരിച്ചറിവാണ് യഥാർത്ഥത്തിൽ പൗരബോധം. അത് നമ്മളിൽ സജീവമാകട്ടെ.



ഷാജൻ പാറക്കടവിൽ

---



## ലഹരിയാൽ തകർന്ന ജീവിതങ്ങൾ!!

**കൊച്ചുമോൻ പുന്നക്കാട്**
(മുൻ അഖില കേരള ബാലജന സഖ്യം കോഴഞ്ചേരി യൂണിയൻ പ്രസിഡന്റ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ് മദ്യ വർജ്ജന സമിതി സെക്രട്ടറി )

ദൈവത്തിന്റെ സ്വന്തം നാടും വിദേശികളെ കൂടുതൽ ആകർഷിക്കുന്ന നമ്മുടെ സ്വപ്ന സുന്ദരമായ കേരളം ഇന്ന് പല തരത്തിൽ വികൃതമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു കാരണത്താൽ അല്ല.. പല പല കാരണങ്ങൾ....

നമ്മുടെ സമൂഹവും അയൽപക്കവും നമ്മുടെ കുഞ്ഞുങ്ങളെ സ്വന്തം പോലെ കൈ പിടിച്ചു നടന്ന ഒരു കാലം ഉണ്ടായിരുന്നു. വിശ്വസിച്ചു ഏല്പിക്കാമായിരുന്നു
ഇന്ന് അതെല്ലാം മാറി.
Dr. വന്ദന യുടെ കൊലപാതകം കേരളത്തെ ഏറെ ഞെട്ടിച്ചു. കഷ്ടപ്പെട്ട് പഠിച്ചു ഊണും ഉറക്കവും ഇല്ലാതെ ഒന്ന് സ്വസ്ഥമായി ഇരുന്നു ജോലിയിൽ കയറി ഇരുന്ന മണിക്കൂറുകൾക്കു മുമ്പ് ജീവിതം ലഹരിയുടെ കാരണത്താൽ തകർത്തു കളഞ്ഞു. അതിന്റെ വേദന മാറുന്നതിനു മുമ്പ് പിതാവിന്റെ ലഹരിയാൽ നക്ഷത്ര മോൾ ഉടനെ തന്നെ ചാന്ദിനി മോൾ അങ്ങനെ.....
നമ്മുടെ കേരളം എങ്ങോട്ട്...
പാറി പറന്നു കളിച്ചു പഠിച്ചു ഒരു പൂമ്പാറ്റ യെ പോലെ നടക്കേണ്ട കുഞ്ഞുങ്ങൾ ഈ ലോകത്തിൽ നിന്നും മാറ്റപ്പെടുന്നു.
പ്രിയരേ.. നാം വളരെ ജാഗ്രത പുലർത്തേണ്ടി ഇരിക്കുന്നു.നമ്മുടെ കുഞ്ഞുങ്ങൾ മറ്റുള്ളവരുടെ കൈയാൽ നശിക്കേണ്ടവരല്ല
കുഞ്ഞുങ്ങൾ വളരട്ടെ...
സമൂഹത്തിൽ അവർ ഒറ്റക് നടക്കാൻ അനുവദിച്ചു കൊടുക്കൂ. നാം അവരുടെ സുരക്ഷിതർ ആയി തീരണം
ലഹരി തുടച്ചു മാറ്റണം..
ഒറ്റകെട്ടായി നിന്ന് ഉണർന്നു പ്രവർത്തിക്കണം...
സ്നേഹ പൂർവ്വം

---

**Christian Live (Malayalam) Advertisement Tariff**

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

## ഒമാനിൽ ക്ലാസ് കഴിഞ്ഞ് മടങ്ങവെ ഉണ്ടായ അപകടത്തിൽ മലയാളി വിദ്യാർഥിനി മരണമടഞ്ഞു



അൽന റ്റാകി

മസ്കറ്റ് : എറണാകുളം പാലാരിവട്ടം സ്വദേശികളായ റ്റാക്കിൻ ഫ്രാൻസിസ് ഓലാറ്റുപുറത്തിന്റെയും ഭവ്യ വർഗീസിന്റെയും മകളും സീബ് ഇന്ത്യൻ സ്കൂൾ രണ്ടാം ക്ലാസ്സ് വിദ്യാർഥിനിയുമായ അൽനറ്റാകിനാണ് (6 വയസ്സ്) ക്ലാസ് കഴിഞ്ഞ് മടങ്ങവെ കാർ അപകടത്തിൽ പെട്ട് മരണമടഞ്ഞത്.

ഓഗസ്റ്റ് 1 ചൊവ്വാഴ്ച വൈകുന്നേരമായിരുന്നു അപകടം. സ്കൂൾ വിട്ട് അമ്മയ്ക്കും രണ്ട് സഹോദരങ്ങൾക്കുമൊപ്പം കാറിൽ സഞ്ചരിക്കവെയാണ് അപകടമുണ്ടായത്. കാർ നിയന്ത്രണം വിട്ട് മറിയുകയായിരുന്നു. അപകടത്തിൽ പരുക്കേറ്റ ഇവരെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും അൽന റ്റാകിന്റെ മരണം സംഭവിച്ചിരുന്നു. അമ്മയുടെയും സഹോദരങ്ങളുടെയും പരുക്ക് ഗുരുതരമല്ല. ഇവർ ആശുപത്രിയിൽ നിന്ന് വീട്ടിലേക്ക് മടങ്ങുകയും ഇന്നലെ വൈകീട്ടോടെ നാട്ടിലേക്ക് തിരിക്കുകയും ചെയ്തു. അൽന റ്റാകിന്റെ മരണത്തെ തുടർന്ന് ഇന്നലെ സീബ് ഇന്ത്യൻ സ്കൂളിന് അവധി നൽകിയിരുന്നു.

## നിത്യതയിൽ



കുമ്പനാട്: ഷാർജ ഈഫൽ പ്രിന്റിംഗ് പ്രസ് സ്ഥാപകൻ ദ പെന്തക്കോസ്ത് മിഷൻ കുമ്പനാട് സഭാംഗമായ ഐക്കര പെനിയലിൽതോമസ് കുര്യൻ(82) നിത്യതയിൽ പ്രവേശിച്ചു.

ഭൗതിക ശരീരം തിങ്കൾ രാവിലെ എട്ടിന് കുമ്പനാട്ടുള്ള ഭവനത്തിൽ കൊണ്ടുവരുകയും പത്തിന് സംസ്കാര ശുശ്രൂഷകൾ റ്റി പി എം ഫെയ്ത്ത് ഹോമിൽ ആരംഭിക്കുകയും ചെയ്യും. പ്രശസ്ത ഗാനരചയിതാവായ ഐ കെ കുര്യന്റെ മകനാണ് പരേതൻ.

ചേലകൊമ്പിൽ ചവണക്കാമണ്ണിൽ കുടുംബാംഗമായ അന്നമ്മ തോമസാണ്ഭാര്യ. മക്കൾ: കുര്യൻ തോമസ് ( ഷാജി ഐക്കര, പ്രസിഡണ്ട് , വൈ എം സി എ ഷാർജ ), എലിസബത്ത് തോമസ് (ഉഷ),ആനി സാബു ( കൊച്ചുമോൾ

## സർ/മാഡം' തുടങ്ങിയ അഭിസംബോധനകൾ ഒഴിവാക്കാനൊരുങ്ങി ഉന്നത വിദ്യാഭ്യാസ വകുപ്പ്

തിരുവനന്തപുരം : കോളജുകളും സർവകലാശാലകളും ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 'സർ/മാഡം' തുടങ്ങിയ അഭിസംബോധനകൾ ഒഴിവാക്കാനൊരുങ്ങി ഉന്നത വിദ്യാഭ്യാസ വകുപ്പ്. ഇതു സംബന്ധിച്ചു വകുപ്പ് അഭിപ്രായം തേടിയപ്പോൾ കൊളോണിയൽ കാലത്തെ പ്രതിനിധീകരിക്കുന്ന ഈ പദങ്ങൾ വേണ്ടെന്നാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലും റിപ്പോർട്ട് നൽകിയത്. പകരമായി മാതൃഭാഷയിൽ നിന്ന് യോജ്യമായ പദങ്ങൾ കണ്ടെത്തണമെന്നാണ് കൗൺസിലിന്റെ അഭിപ്രായം.

ബഹുമാന സൂചകമായ ഭാവ പദ പ്രയോഗങ്ങൾ നിയമനിർമാണ, നീതിന്യായ, ഭരണനിർവഹണ വ്യവഹാരങ്ങളിൽ ഒഴിച്ചുകൂടാനാവില്ലെന്ന നിലപാടും കൗൺസിൽ സ്വീകരിച്ചു. ഇതേ തുടർന്നു മാതൃഭാഷയിൽ നിന്നു യോജ്യമായ പദങ്ങൾ നിർദേശിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനോട് ഉന്നത വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയാണ്. ലിംഗനീതിക്കു വിഘാതമാകുന്ന 'സർ / മാഡം' തുടങ്ങിയ അഭിസംബോധനകൾ ഒഴിവാക്കണമെന്നാവശ്യപ്പെട്ടു പാലക്കാട് സ്വദേശി ബോബൻ മാട്ടുമന്ത സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിലാണു നടപടികൾ.

# യു പി എഫ് 41-ാമത് വാർഷിക കൺവെൻഷൻ റിവൈവൽ 2023

ഷിജു പനക്കൽ

കുന്നംകുളം :പെന്തകോസ്ത് സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തക്കോസ് ഫെലോഷിപ്പിന്റെ 41-ാമത് വാർഷീക കൺവെൻഷൻ റിവൈവൽ 2023 ജനുവരി 27വെള്ളി മുതൽ 29ഞായർ വരെ നടത്തപ്പെടുന്നു. കുന്നംകുളം വടക്കാഞ്ചേരി റോഡിലുള്ള സുവാർത്ത നഗറിൽ വെച്ച് നടക്കുന്ന കൺവെൻഷൻ യു. പി. എഫ്. ജനറൽ പ്രസിഡന്റ് പാസ്റ്റർ.ലിബിനി ചുമ്മാർ ഉദ്ഘാടനം ചെയ്യും. ദിവസവും വൈകിട്ടു 6 ന് നടക്കുന്ന പൊതുയോഗങ്ങളിൽ പാസ്റ്റർമാരായ രാജേഷ് ഏലപ്പാറ, അനിൽ കൊടിത്തോട്ടം, അജി ആന്റണി എന്നിവർ പ്രസംഗിക്കും. ശനി രാവിലെ 10 30 ന് നടക്കുന്ന സഹോദരി സമ്മേളനത്തിൽ എസ്തേർ വാവച്ചൻ സന്ദേശം നൽകുന്നു. ഞായർ രാവിലെ 10 മണിക്ക് നടക്കുന്ന സംയുക്ത സഭായോഗത്തിൽ ഡോക്ടർ പോൾസൺ പുലിക്കോട്ടിൽ മുഖ്യസന്ദേശം നൽകും*

*വൈകീട്ട് നടക്കുന്ന സമാപന സമ്മേളനത്തിൽ 12മത് മെഗാ ബൈബിൾ ക്വിസ് വിജയികൾക്കുള്ള സമ്മാനവിതരണം ഉണ്ടായിരിക്കുന്നതാണ്. യുപിഎഫ് ക്വയർ ഗാനങ്ങൾ ആലപിക്കും

# ബഹ്റൈനിൽ പുതിയ 350 മരുന്നുകൾക്ക് അനുമതി

മനാമ: രാജ്യത്ത് 350 ഇനം പുതിയ മരുന്നുകൾക്ക് അനുമതി നൽകിയതായി നാഷനൽ ഹെൽത്ത് റെഗുലേറ്ററി അതോറിറ്റി സി.ഇ.ഒ ഡോ. മർയം അദ്ബി അൽ ജലാഹിമ അറിയിച്ചു. മരുന്നുകളുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും അതനുസരിച്ച് അവ രാജ്യത്ത് വിൽപന നടത്തുന്നതിനുള്ള അനുമതി നൽകുകയും ചെയ്തു. 2023 പകുതി വരെയുള്ള കണക്കാണിത്. ഇതോടെ ബഹ്റൈനിൽ വിൽപനക്കും ഉപയോഗത്തിനും അനുമതിയുള്ള മരുന്നുകളുടെ എണ്ണം 3834 ആയി. എയ്ഡ്സ്, അർബുദം, വൃക്ക, ഹൃദയരോഗം, ഹോർമോൺ ചികിത്സ തുടങ്ങിയവക്കടക്കമുള്ള പുതിയ മരുന്നുകൾക്കാണ് അനുമതി.

പോയ വർഷം നിലവിലുള്ള മരുന്നുകളുടെ റീ രജിസ്ട്രേഷൻ അടക്കം 5878 മരുന്നുകൾക്ക് അനുമതി തേടി അപേക്ഷ ലഭിച്ചിരുന്നു. 38 ഫാർമസികൾക്ക് അനുമതി നൽകിയതായും അവർ അറിയിച്ചു. ഇതോടെ രാജ്യത്ത് മൊത്തം 411 ഫാർമസികളാണ് പ്രവർത്തിക്കുന്നത്. 2021നേക്കാൾ നാലു ശതമാനം വർധനയാണ് ഫാർമസികളുടെ എണ്ണത്തിലുണ്ടായിരിക്കുന്നത്. മെഡിക്കൽ ഉപകരണങ്ങൾ ഇറക്കുമതി ചെയ്യുന്നതിനായി 11,404 അപേക്ഷകളും ലഭിച്ചു.

# ശാരോൻ ഫെല്ലോഷിപ്പ് ചർച്ചസ് ഓഫ് നോർത്ത് അമേരിക്ക ഭാരവാഹികൾ

ഒക്കലഹോമ: ശാരോൻ ഫെല്ലോഷിപ്പ് ചർച്ചസ് ഓഫ് നോർത്ത് അമേരിക്ക ഭാരവാഹികളെ തിരഞ്ഞെടുത്തു. ഡോ. റ്റിങ്കു തോംപ്സൺ മിനസോട്ട (പ്രസിഡന്റ്), പാസ്റ്റർ സന്തോഷ് തര്യൻ (വൈസ് പ്രസിഡന്റ്), ജോൺസൺ ഉമ്മൻ ചിക്കാഗോ (ജനറൽ സെക്രട്ടറി), എബ്രഹാം വർഗീസ് ഒക്ലഹോമ (ജോയിന്റ് സെക്രട്ടറി), എബി ജോൺ ഡാളസ് (നാഷണൽ ട്രഷറർ), പാസ്റ്റർ റെൻ ഫിന്നി ഡാളസ് (യൂത്ത് കോർഡിനേറ്റർ), പാസ്റ്റർ ബാബു തോമസ് മെംഫിസ് (മിഷൻസ് ഡയറക്ടർ), പാസ്റ്റർ തേജസ്സ് തോമസ് ഒക്കലഹോമ (സൺഡേ സ്കൂൾ ഡയറക്ടർ), ഷെറി കെ. ജോർജ് വിസ്കോൺസിൻ (നാഷണൽ മീഡിയ കോർഡിനേറ്റർ) എന്നിവരാണ് ഭാരവാഹികൾ.

പ്രസിഡന്റ് ഡോ. റ്റിങ്കു തോംപ്സൺ മിന്നസോട്ടാ പെന്തെക്കോസ്തൽ അസംബ്ലിയുടെ സീനിയർ പാസ്റ്ററാണ്. വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ സന്തോഷ് തര്യൻ, ന്യൂയോർക്ക് ആല്ബെനീ ശാരോൻ ഫെല്ലോഷിപ്പ് സഭയുടെ സീനിയർ പാസ്റ്ററാണ്.




# രണ്ടാമത് സൗത്ത് ഇന്ത്യ പാസ്റ്റേഴ്സ് ആൻഡ് ലീഡേഴ്സ് കോൺഫറൻസ്

ചെന്നൈ:രണ്ടാമത് സൗത്ത് ഇന്ത്യ പാസ്റ്റേഴ്സ് ആൻഡ് ലീഡേഴ്സ് കോൺഫറൻസ് 2023 ആഗസ്റ്റ് 8, 9 തീയതികളിൽ തമിഴ്നാട്ടിലെ ട്രിച്ചിയിലെ ന്യൂ റെയിൽവേ ജംഗ്ഷനിലുള്ള ആംഗ്ലോ ഇന്ത്യൻ റെയിൽവേ ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് നടത്തപ്പെടും. ട്രിച്ചിയിലെ സെഹിയോൻ ഫെയ്ത്ത് മിനിസ്ട്രിയും ദി പെന്തക്കോസ്തൽസ് ഓഫ് ട്രിച്ചിയും ചേർന്ന് ഒരുക്കുന്ന കോൺഫറൻസിൽ ജാബേസ് സാമുവൽ, ഭവാനി, തമിഴ് നാട് , ജോഷ ജോഷി, കേരള, ഡേവിസ് വി മാത്യു, കേരള, ജെൻസി, കേരള, ജെയിംസ് ജേക്കബ്, കേരള, ജെറിൻ ജോൺ , കേരള എന്നിവർ വിവിധ സെഷനുകളിൽ സംസാരിക്കും. ഒബെത്ത് ജൂലിയസ്, കോയമ്പത്തൂർ പ്രസംഗങ്ങളുടെ പരിഭാഷ നിർവഹിക്കും. പാസ്റ്റർ എസ്.ദേവരാജ്, ട്രിച്ചി, പാസ്റ്റർ ജോൺ പോൾ,പാസ്റ്റർ ഡി.എ.സ്റ്റീഫൻ, ട്രിച്ചി,പാസ്റ്റർ ഡി.എബനേസർ, തിരുനെൽവേലി എന്നിവരടങ്ങുന്ന ഉപദേശക സമിതിയുടെ കീഴിൽ ജോഷ ദേവരാജ് കോൺഫറൻസിനു നേതൃത്വം നൽകും.സമ്മേളനത്തിൽ മധ്യസ്ഥ പ്രാർത്ഥന, ബൈബിൾ പഠനം, ആരാധന, പ്രാർത്ഥന, സാക്ഷ്യം, പാസ്റ്റർമാരുടെ കുട്ടികളുമായുള്ള ആശയവിനിമയം, ഹോളി കമ്മ്യൂണിയൻ എന്നിവ നടത്തപ്പെടും . രജിസ്ട്രേഷനായി ബന്ധപ്പെടുക: 9952684175, 9385517173

# മതപരിവർത്തനം കേസെടുക്കാൻ രേഖാമൂലമുള്ള പരാതി വേണം: മദ്ധ്യപ്രദേശ് ഹൈക്കോടതി



ബേൽപൂർ : നിർബന്ധിത മതപരിവർത്തന നിയമപ്രകാരം കേസെടുക്കണമെങ്കിൽ ഇരയുടേയോ അടുത്ത ബന്ധുക്കളുടെയോ രേഖാമൂലമുള്ള പരാതി വേണമെന്ന് മദ്ധ്യപ്രദേശ് ഹൈക്കോടതി. നിർബന്ധിത മതപരിവർത്തനം ആരോപിച്ച് ദേശീയ ബാലാവകാശ കമ്മീഷൻ പ്രസിഡന്റ് പ്രിയങ്ക് കനുംഗോ നൽകിയ പരാതിയിൽ കട്നി ജില്ലയിലെ മാധവ് നഗർ പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ ജബൽപൂർ ബിഷപ്പ് ഡോ. ജെറാൾഡ് അൽമേഡയ്ക്കും കട്നി ആശാ കിരൺ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സിസ്റ്റർ ലിജി ജോസഫിനും മുൻകൂർ ജാമ്യം അനുവദിച്ചുകൊണ്ടുള്ള വിധിയിലാണ് ജസ്റ്റിസ് വിശാൽ ധഗട്ട് ഈ പ്രധാന ഉത്തരവ് പുറപ്പെടുവിച്ചത്. മദ്ധ്യപ്രദേശ് മതസ്വാതന്ത്ര്യനിയമം 2021ന്റെ സെക്ഷൻ 3 പ്രകാരം നിർബന്ധിത മതപരിവർത്തനത്തിന് ഇരയായതോ മതം മാറാൻ ശ്രമം ഉണ്ടായതോ ആയ വ്യക്തിയോ അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളോ രേഖാമൂലം നൽകുന്ന പരാതിയിൽ മാത്രമേ പോലീസ് കേസ് രജിസ്റ്റർ ചെയ്യാനും അന്വേഷണവും തെളിവെടുപ്പും നടത്താനും കഴിയുവെന്നാണ് കോടതി ഉത്തരവിട്ടത്

## ഹരിയാനയിൽ സംഘർഷ മേഖലയിൽ ഇന്റർനെറ്റ് നിയന്ത്രണം തുടരുന്നു; 166 പേർ അറസ്റ്റിൽ



ന്യൂഡൽഹി : ഹരിയാനയിലെ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ കേന്ദ്ര സേനയെ ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ. നാല് കമ്പനി കേന്ദ്ര സേനയെക്കൂടി അയക്കണമെന്നാണ് ഹരിയാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത്. സംഘർഷത്തിൽ ഇതുവരെ അറസ്റ്റിലായവരുടെ എണ്ണം 166 ആയി. മൂന്ന് ജില്ലകളിൽ മൊബൈൽ ഇന്റർനെറ്റ് സൗകര്യം വിച്ഛേദിച്ചിരിക്കുകയാണ്. നൂഹ്, ഗുഡ്ഗാവ്, ഫരീദാബാദ് തുടങ്ങിയ സ്ഥലത്താണ് ഇന്റർനെറ്റ് നിയന്ത്രണം തുടരുന്നത്. ഇതുവരെ ആറ് പേർ സംഘർഷത്തിൽ മരണപ്പെട്ടുവെന്നാണ് റിപ്പോർട്ട് ചെയ്യുന്നത്. നേരത്തെ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഒരാൾകൂടി ബുധനാഴ്ച മരിച്ചു. ബജ്റംഗ്ദൾ നേതാവ് പ്രദീപ് ശർമയാണ് മരിച്ചത്. നേരത്തെ മരിച്ചവരിൽ ഒരു പള്ളി ഇമാമും രണ്ട് സുരക്ഷാ ഉദ്യോഗസ്ഥരും ഉൾപ്പെട്ടിരുന്നു. ഹരിയാനയിലെയും ദൽഹിയിലെയും വിവിധ ആശുപത്രികളിലാണ് പരിക്കേറ്റവർ ചികിത്സയിൽ കഴിയുന്നത്.

## റോമിലെ ബസിലിക്കയ്ക്ക് ഇനി മലയാളി റെക്ടർ; നിയമനം പ്രഖ്യാപിച്ചത് റോം വികാരി ജനറൽ



വത്തിക്കാൻ സിറ്റി: റോമിലെ സീറോ മലബാർ സമൂഹത്തിന്റെ മൈനർ ബസിലിക്കാ റെക്ടറായി തൃശൂർ അതിരൂപതാംഗം ഫാ. ബാബു പാണാട്ടുപറമ്പിൽ നിയമിതനായി. റോം രൂപതയുടെ അതിർത്തിയിൽ താമസിക്കുന്ന സീറോ മലബാർ സഭാംഗങ്ങളുടെ ചാപ്ലെനുമായിരിക്കും ഇദ്ദേഹം. പാപ്പ അധ്യക്ഷനായുള്ള റോം രൂപതയുടെ വികാരി ജനറൽ കർദിനാൾ ആഞ്ചലോ ദെ ദൊണാത്തിസാണ് നിയമനം നടത്തിയത്.

അതിരൂപതയിലെ വിവിധ പ്രവർത്തന മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം യുവജന ഡയറക്ടർ, മേരിമാതാ മേജർ സെമിനാരി റെക്ടർ, അതിരൂപതാ നോട്ടറി, പ്രമോട്ടർ ഓഫ് ജസ്റ്റിസ്, അതിരൂപതാ ആലോചനാ സമിതി അംഗം എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്. അരണാട്ടുകര ഇടവകയിൽ വികാരിയായി സേവനമനുഷ്ഠിക്കവേയാണ് റോമിലെ സീറോ മലബാർ സഭാംഗങ്ങളുടെ അജപാലന ശുശ്രൂഷയിലേക്ക് നിയുക്തനായത്.

തൃശൂർ അതിരൂപത പുതുക്കാട് പാണാട്ടുപറമ്പിൽ വറീത് ത്രേസ്യാമ്മ ദമ്പതികളുടെ മകനാണ്. ഇംഗ്ലീഷിനു പുറമേ ഇറ്റാലിയൻ, ജർമൻ ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്ന ഫാ. ബാബു പാണാട്ടുപറമ്പിൽ അറിയപ്പെടുന്ന പ്രഭാഷകനുമാണ്.

## ഐ.പി.സി യു എ ഇ റീജിയൻ ഒരുക്കുന്ന Pray for Manipur ഓഗസ്റ്റ് 7 ന്

ഷാർജാ : ഐ.പി.സി യു എ ഇ റീജിയൻ ഒരുക്കുന്ന Pray for Manipur ഓഗസ്റ്റ് 7 തിങ്കളാഴ്ച വൈകിട്ട് 7.30 മുതൽ 9.30 വരെ (യു എ ഇ സമയം) നടത്തപ്പെടുന്നു. ഭാരതത്തിന്റെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾക്കും പ്രത്യേകാൽ മണിപ്പൂരിനു വേണ്ടിയും ഉള്ള പ്രാർത്ഥന സൂം പ്ലാറ്റ്ഫോമിലാണു ക്രമീകരിച്ചിരിക്കുന്നത്.ഐ. പി. സി യു. എ. ഇ റീജിയനിലുള്ള എല്ലാ സഭകളും പങ്കെടുക്കുന്ന മീറ്റിംഗിന് റീജിയൻ എക്സിക്യൂട്ടീകൾ നേതൃത്വം നൽകും. ID - 83339462488 Pwd- 341880

## എംപിഎ യുകെ കോൺഫ്രൻസ്

യുകെ : യുകെയിലുള്ള മലയാളി പെന്തക്കോസ്ത് സമൂഹത്തിന്റെ ഐക്യകൂട്ടായ്മയായ മലയാളി പെന്തകോസ്റ്റൽ അസോസിയേഷൻ യു കെ (MPA UK) യുടെ 21 മത് നാഷണൽ കോൺഫ്രൻസ് 2024 മാർച്ച് 29,30,31 തീയതികളിൽ ഇംഗ്ലണ്ടിലെ ഹേവാർഡ്സ് ഹീത്തിലുള്ള അർഡിങ്ലിയിൽ വച്ചു നടക്കും. ജൂലൈയിൽ കൂടിയ ലോക്കൽ കമ്മറ്റി മീറ്റിങ്ങിൽ പാസ്റ്റർ റോയ് തോമസിനെ ലോക്കൽ കോഓർഡിനേറ്ററായി തിരഞ്ഞെടുത്തു. യു കെയുടെ വിവിധ ഭാഗങ്ങളിലുള്ള ദൈവസഭകളുടെ സഹകരണത്തോടെ നടക്കുന്ന കോൺഫ്രൻസിനു വേണ്ടി വിപുലമായ ക്രമീകരണങ്ങളാണ് സംഘാടക സമിതി ഒരുക്കുന്നത്.

CNL7 MEDIA
Vol. 2 Issue 181
# CHRISTIANLIVE DAILY
3
Thursday
Pages 5
550

